# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3466.

11-12-2018 ൽ മറുപടിയ്ക്ക്

## നെൽകൃഷി വർധിപ്പിക്കുന്നതിനുള്ള നടപടികൾ

**ചോദ്യം**
ശ്രീ.രാജു എബ്രഹാം

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എത്ര ഹെക്ടർ സ്ഥലത്താണ് ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നെൽകൃഷി ഉണ്ടായിരുന്നത്; നെൽകൃഷി വർധിപ്പിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 2015-16 സാമ്പത്തിക വർഷം 196870 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയുണ്ടായിരുന്നു.<br>സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്റ്റിവിറ്റി ഇമ്പ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പ്രകാരമുള്ള ആനുകൂല്യങ്ങൾ സംസ്ഥാനത്തെ മുഴുവൻ നെൽകർഷകർക്കും നൽകുന്നു. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്നുണ്ട്. ഇതിനു പുറമെ വയനാട് പാക്കേജിലെ ഒരു ഘടകമായി ജില്ലയിലെ സുഗന്ധ നെല്ലിനങ്ങളുടെ വികസനത്തിനുള്ള പദ്ധതിയും, പ്രത്യേക കാർഷിക മേഖലാ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.<br>നെൽകൃഷി വികസന പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിനു ഹെക്ടറൊന്നിനു 5500 രൂപയും, സവിശേഷ നെല്ലിനങ്ങളുടെ വികസനത്തിനു 10000 രൂപയും, ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിനു 10000 രൂപയും കരനെൽ കൃഷിക്ക് 13600 രൂപയും ധനസഹായമായി നൽകുന്നു. തരിശ് നിലങ്ങളിൽ നെൽകൃഷി പ്രാവർത്തികമാക്കുന്ന-തിനായി ഹെക്ടറൊന്നിനു ഒന്നാം വർഷം 30000 രൂപയും രണ്ടാം വർഷം 7000 രൂപയും മൂന്നാം വർഷം 4500 രൂപയുമാണ് ധനസഹായം നൽകുന്നത്. ഇതിനു പുറമെ നഗരപ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളുൾ-പ്പെടെ നെൽകൃഷി വികസനത്തിനുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും റൈസ് ഇന്നൊവേഷൻ ഫണ്ട് പ്രകാരമുള്ള |

| | | | |
|---|---|---|---|
| | | | പദ്ധതിയധിഷ്ഠിത ധനസഹായവും നൽകുന്നുണ്ട്.<br>രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇമ്പ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പ്രകാരം ഹെക്ടറൊന്നിന് പരമാവധി 4500 രൂപയുടെ ധനസഹായം നൽകുന്നു.<br>ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിപ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ടങ്ങൾ ചെയ്യുന്നതിന് ഹെക്ടറൊന്നിന് 9000 രൂപ ധനസഹായം നൽകും. ക്രോപ്പിങ് സിസ്റ്റം പ്രദർശനത്തോട്ടത്തിന് ഹെക്ടറൊന്നിന് 15000 രൂപയും ഹൈബ്രിഡ് വിത്തുപയോഗിക്കുന്നതിന് ഒരു ക്വിന്റലിനു 10000 രൂപയും, റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ താഴെയുള്ള അത്യുല്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2000 രൂപയും, റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ കൂടുതലായ അത്യുല്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1000 രൂപയും ലഭിക്കും. സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1000 രൂപയും, കീടനാശിനി/ജൈവ കീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും, കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും ആനുകൂല്യം നൽകും. മരുന്നു തളിക്കുന്നതിനുള്ള സ്പ്രെയറിന് 600 രൂപയും, പവർ സ്പ്രെയറിന് 3000 രൂപയും, വിന്നോവറിന് 10000 രൂപയും സബ്സിഡി നൽകുന്നു. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10000 രൂപ സബ്സിഡി നൽകുന്നു.<br>സംസ്ഥാനത്ത് നെൽകൃഷിക്ക് അനുയോജ്യ കാർഷിക കാലാവസ്ഥയുള്ള പ്രദേശങ്ങളെ നെൽകൃഷിയുടെ പ്രത്യേക കാർഷിക മേഖലകളായി കണക്കാക്കി അവിടെയുള്ള സ്രോതസ്സുകളും സാധ്യതകളും പരിമിതികളും പരിഗണിച്ച് വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ ഭൗതിക സാമ്പത്തിക സാഹചര്യങ്ങളും സജ്ജമാക്കി പരമാവധി ഉല്പാദനം കൈവരിക്കുവാനും ഉല്പന്നത്തിന്റെ മെച്ചപ്പെട്ട കൈകാര്യത്തിലൂടെയും മൂല്യ വർദ്ധനവിലൂടെയും മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം ലഭ്യമാക്കാനുമായി ഏഴ് പ്രത്യേക കാർഷിക മേഖലയ്ക്കുള്ള അടിസ്ഥാന |

| | | | |
|---|---|---|---|
| | | | സൗകര്യ വികസന പദ്ധതികളും നടപ്പിലാക്കുന്നു.<br>കാർഷിക ഉപകരണങ്ങൾ, യന്ത്രങ്ങൾ എന്നിവ സബ്സിഡിയോടെ കർഷകർക്ക് ലഭിക്കുന്നതിനു കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ സ്കീമും (എസ്.എം.എ.എം) നിലവിൽ ഉണ്ട്. |
| (ബി) | നെൽകൃഷി ഇപ്പോൾ എത്ര ഹെക്ടറായി വർദ്ധിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; കേരളത്തിലുണ്ടായ പ്രളയത്തിൽ നെൽകർഷകർക്ക് എന്തൊക്കെ നാശനഷ്ടങ്ങളാണ് ഉണ്ടായിരിക്കുന്നത്; എത്ര രൂപയുടെ നഷ്ടമുണ്ടായി; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | 2017-18 സാമ്പത്തിക വർഷം 220449 ഹെക്ടർ നെൽ കൃഷി ചെയ്തതായാണു കൃഷി വകുപ്പിന്റെ കണക്ക്.<br>2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയം 35000 ഹെക്ടർ സ്ഥലത്തെ ഉല്പാദനശേഷിയുള്ള നെൽകൃഷിയെയും 820 ഹെക്ടർ സ്ഥലത്തെ ഞാറ്റടിയെയും പൂർണ്ണമായും നശിപ്പിച്ച കളഞ്ഞു. 63211 ഹെക്ടർ സ്ഥലത്ത് 2018 ൽ ഒന്നാം വിള കൃഷി ചെയ്തിരുന്നതിൽ നിന്നും പകുതിയിലേറെ സ്ഥലത്തെ കൃഷി പ്രളയം മൂലം നഷ്ടപ്പെട്ടു. അതിനു പുറമെ നെല്ലിന്റെ ഉല്പാദനം തുടങ്ങിയ ഘട്ടത്തിലെ കാലാവസ്ഥാവ്യതിയാനവും മഴയും വെള്ളക്കെട്ടും ഉല്പാദനക്ഷമതയെ വളരെ പ്രതികൂലമായി ബാധിക്കുകയുണ്ടായി.<br>കുട്ടനാട് പ്രദേശത്തെ പുഞ്ച കൃഷി, വയനാട് ജില്ലയിലെ നഞ്ച കൃഷി എന്നിവ ആരംഭിക്കുന്ന സമയത്തായിരുന്നു ഈ ദുരന്തം. വൻ തോതിൽ ചെളിയടിഞ്ഞ പാടശേഖരങ്ങൾ കൃഷി യോഗ്യമാക്കുന്നത് ബൃഹത്തായ അദ്ധ്വാനവും സാമ്പത്തിക ബാധ്യതയും ഉണ്ടാക്കി.<br>ഇതിനു പുറമേയാണ് നെല്ലിന്റെയും വിത്തിന്റെയും സംഭരണികൾക്കുണ്ടായ നാശവും തന്മൂലം ഉണ്ടായ വിത്തിന്റെ ക്ഷാമവും. കുട്ടനാട്/പൊക്കാളി/ കോൾ പ്രദേശത്തെ പെട്ടിയും പറയും, പമ്പുസെറ്റുകൾ, മോട്ടോർഷെഡ്, മോട്ടോർ തറ എന്നിവ വെള്ളം കയറിയതിനാൽ ഉപയോഗയോഗ്യമല്ലാതാവുകയും വൈദ്യുതി ലൈനുകൾ മുറിഞ്ഞുപോവുകയും ചെയ്തു. തന്മൂലം പമ്പിങ്ങിനും തടസ്സം നേരിട്ടു.<br>നെൽകൃഷി നാശനഷ്ടമായി 81642 ലക്ഷം രൂപ കൃഷി വകുപ്പ് കണക്കാക്കുന്നു. |
| (സി) | പ്രളയക്കെടുതിയിൽ നെൽകൃഷിക്കുണ്ടായ നാശനഷ്ടം പരിഹരിക്കാൻ കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; വായ്പയെടുത്ത് | (സി) | പ്രളയത്തിൽ നെൽകൃഷി നശിച്ചുപോയ മുഴുവൻ കർഷകർക്കും വീണ്ടും വിതയ്ക്കുന്നതിനു 6497.58 മെട്രിക് ടൺ വിത്ത് പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്തു. ഈ വകയിൽ |

| | | | |
|---|---|---|---|
| | നെൽകൃഷി നടത്തി പ്രളയത്തിൽ അകപ്പെട്ട കർഷകർക്ക് പുതിയതായി കൃഷി ചെയ്യാൻ വിത്ത്, വളം തുടങ്ങിയവ സൗജന്യമായി അനുവദിച്ചിട്ടുണ്ടോ; | | കർഷകർക്ക് 25.99 കോടി രൂപയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. കൃഷിയിടങ്ങളിലേക്ക് ആവശ്യമായ കുമ്മായം 75% സബ്സിഡി നിരക്കിൽ 43100 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറൊന്നിനു 5400/- രൂപ നിരക്കിൽ വിതരണം ചെയ്തു. ഈയിനത്തിൽ 23.40 കോടി രൂപയുടെ ആനുകൂല്യം കർഷകർക്കു ലഭിച്ചിട്ടുണ്ട്. ഈ ആനുകൂല്യം 10000 ഹെക്ടർ സ്ഥലത്തേക്ക് കൂടി ലഭ്യമാക്കുന്നതിനു 5.4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത് കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | ഇവരുടെ വായ്പാ തിരിച്ചടവിന് എന്തെങ്കിലും പദ്ധതി സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | മഴക്കെടുതി മൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം എത്തിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം കടങ്ങൾക്കും 2018 ജൂലൈ 31 മുതൽ ഒരു വർഷത്തേക്ക് മോറട്ടോറിയം SLBC തീരുമാനിച്ചു. 12/10/2018 മുതൽ ഒരു വർഷത്തേയ്ക്ക് ജപ്തി നടപടികൾക്കും മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രളയബാധിത ജില്ലകളിലെ കർഷകരുടെ കാർഷിക വായ്പകൾ പുനക്രമീകരിക്കുന്നതിനും മോറട്ടോറിയത്തിന്റെ കാലപരിധി കഴിഞ്ഞ ശേഷം ടേം ലോൺ ആക്കിയാൽ കൂട്ടു പലിശ ഒഴിവാക്കി സാധാരണ പലിശ മാത്രം ഈടാക്കുവാനും തിരിച്ചടവ് തുക തവണകളായി അഞ്ചു വർഷം കൊണ്ട് തിരിച്ചടക്കാവുന്ന രീതിയിൽ പുനക്രമീകരിക്കുവാനും SLBC പ്രതിനിധികളുമായുള്ള ചർച്ചയിൽ ധാരണ ആയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ